# വിശ്വാസപരിശീലനകേന്ദ്രം

1. ഫൊറോന കാറ്റിക്കിസം ഡയറക്ടേഴ്സ് മീറ്റിങ്: 2022-23 വർഷത്തെ വിശ്വാസ പരിശീലന കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 2022 മെയ് 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.00 മണി മുതൽ റിന്യൂവൽ സെന്ററിൽ കാറ്റിക്കിസം ഓഫീസിൽ കൂടുന്നതാണ്.

2. കാറ്റിക്കിസം എക്സിക്യൂട്ടീവ് മീറ്റിങ്: 2022 മെയ് 3-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ റിന്യൂവൽ സെന്ററിൽ നടക്കുന്നതാണ്.

3. സ്പർശ് പ്രോഗ്രാം: 2022 മെയ് 05, 06, 07 തീയതികളിൽ (വ്യാഴം, വെള്ളി, ശനി) X, XI, XII ക്ലാസ്സുകളിലെ ലീഡേഴ്സിനായി ആലുവ ചൂണ്ടി നിവേദിതയിൽ നടത്തുന്നു. മെയ് 5-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് ആരംഭിച്ച് 07-ാം തീയതി വൈകിട്ട് 4.00 മണിക്ക് സമാപിക്കുന്നു.

4. പുനഃപരീക്ഷ: X, XI, XII ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള പുനഃപരീക്ഷ 2022 മെയ് 8 ഞായറാഴ്ച നടത്തുന്നു. അതത് ക്ലാസ്സുകളിലെ ഒന്നാം സെമസ്റ്റർ പരീക്ഷ രാവിലെ 10.00 മുതൽ 12.00 വരെയും രണ്ടാം സെമസ്റ്റർ പരീക്ഷ ഉച്ചകഴിഞ്ഞ് 2.00 മുതൽ 4.00 വരെയും ആയിരിക്കും. പരീക്ഷ നടക്കുന്ന സെന്റർ പിന്നീട് അറിയിക്കുന്നതായിരിക്കും.

5. അദ്ധ്യാപകർക്കുള്ള പരിശീലനം (Basic Orientation Course): 2022 മെയ് 14 & 15 തീയതികളിലായി നടത്തപ്പെടുന്നു. താമസം, ഭക്ഷണം ഉൾപ്പെടെ 500 രൂപയാണ് ഫീസ്. മുഴുവൻ സമയവും പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. കോഴ്സ് 14-ാം തീയതി രാവിലെ 9.00 മണിക്ക് ആരംഭിക്കും.

6. JustJo Action Song Competition: 2021-ലെ ഇന്റൻസീവ് ബൈബിൾ കോഴ്സ് JustJo പുസ്തകത്തിലെ അവസാനത്തെ ഗാനത്തിന്റെ വീഡിയോ ചിത്രീകരണ മത്സരത്തിൽ പങ്കെടുക്കുവാൻ ഇനിയും താല്പര്യമുണ്ടെങ്കിൽ മെയ് 10-ാം തീയതിയ്ക്കു മുമ്പായി വീഡിയോ നൽകുമല്ലോ. 2022 മെയ് 15-ാം തീയതി അതിന്റെ ഫലപ്രഖ്യാപനം നടത്തുന്നതാണ്. 1-ാം സമ്മാനം 5001 രൂപ * 2-ാം സമ്മാനം 3001 രൂപ * 3-ാം സമ്മാനം 2001 രൂപ.

7. വാർഷിക റിപ്പോർട്ട്: 2021 മെയ് മുതൽ 2022 ഏപ്രിൽ വരെയുള്ള വാർഷിക റിപ്പോർട്ട് 2022 മെയ് 10-നകം ഫൊറോന സെക്രട്ടറി സിസ്റ്ററിന്റെ പക്കൽ ഏല്പിക്കേണ്ടതാണ്. ഓരോ ഇടവകയും ഈ വർഷം ചെയ്ത ജീവകാരുണ്യപ്രവർത്തനങ്ങൾ (സാമ്പത്തികമായി ചെലവഴിച്ച രൂപയും) റിപ്പോർട്ടിൽ പ്രത്യേകം കാണിക്കേണ്ടതാണ്.

8. കാറ്റിക്കിസം ഫൊറോനകൗൺസിൽ മെമ്പേഴ്സിന്റെ മീറ്റിങ്: 2022 മെയ് 28-ാം തീയതി ശനിയാഴ്ച രാവിലെ 10.0 മണിക്ക് റിന്യൂവൽ സെന്ററിൽ നടക്കും. രജിസ്ട്രേഷൻ 9.30-ന്.

9. വിശ്വാസപരിശീലനവർഷം 2022-23: അതിരൂപതാതല ഉദ്ഘാടനം 2022 മെയ് 28 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30-ന്. 16 ഫൊറോനകളിലെയും ഫൊറോനാ കൗൺസിൽ മെമ്പേഴ്സും ഈ മീറ്റിങിൽ പങ്കെടുക്കേണ്ടതാണ്.

10. മെയ് 29 ഞായറാഴ്ച വിശ്വാസപരിശീലകരുടെ പ്രാർത്ഥനാദിനം.

11. വിശ്വാസപരിശീലന ക്ലാസുകൾ ജൂൺ 5-ാം തീയതി ഞായറാഴ്ച ആരംഭിക്കുന്നതാണ്.

12. സന്മാർഗ്ഗബോധനവർഷം ഉദ്ഘാടനം: സന്മാർഗ്ഗബോധന ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെയും ആനിമേറ്റേഴ്സിന്റേയും യോഗവും സന്മാർഗ്ഗബോധന വർഷം ഉദ്ഘാടനവും 2022 ജൂൺ 11 ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.30 വരെ റിന്യൂവൽ സെന്ററിൽ.

13. വിശ്വാസപരിശീലകരെ ആദരിക്കൽ: 2019-20, 2020-21, 202-22 വർഷങ്ങളിൽ വിശ്വാസപരിശീലന രംഗത്ത് 25 വർഷവും 40 വർഷവും 50 വർഷവും പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിക്കുന്നു. 2022 ജൂൺ 11 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് റിന്യൂവൽ സെന്ററിൽ.

14. Text Book Order: ഓരോ ക്ലാസിലേയ്ക്കും ആവശ്യമായ കാറ്റക്കിസം പാഠപുസ്തകങ്ങളുടെ എണ്ണം 2022 മെയ് 10-ാം തീയതിക്ക് മുൻപായി ഫൊറോന സെക്രട്ടറി സിസ്റ്റർമാരുടെ പക്കൽ ഏല്പിക്കുമല്ലൊ. Catechism Text, Moral Science Text, Holy Communion Text, Pocket Bible, നമസ്ക്കാരങ്ങൾ, കുടുംബ പ്രാർത്ഥനകൾ, കാർലോ അക്കൂത്തീസ് എന്നീ പുസ്തകങ്ങളുടെയും ഓർഡർ നൽകുന്നതും അഭികാമ്യം. പുസ്തകങ്ങൾ മെയ് മാസം അവസാനത്തെ ആഴ്ചയിൽ ഫൊറോനാകേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

15. ഇന്റൻസീവ് ബൈബിൾ കോഴ്സ് UBUNTU 2022: ഒന്നാം ക്ലാസ്സു മുതൽ അഞ്ചാം ക്ലാസ്സുവരെയുള്ളവർക്ക് KidCat Series -8, IBC FEST - I, ആറാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെയുള്ളവർക്ക് KidCat Series -9, IBC FEST - II എന്ന പാഠപുസ്തകങ്ങൾ ഉപയോ ഗിച്ചുകൊണ്ട് IBC UBUNTU 2022 പല ഇടവകകളും വളരെ സജീവമായി നടത്തി.

16. 2022 മെയ് 1-ാം തീയതി മുതൽ 10, 12 ക്ലാസ്സുകാരുടെ സർട്ടിഫിക്കറ്റ് പ്രിന്റിംഗ് ആരംഭിക്കും.

**ഫാ. പീറ്റർ കണ്ണമ്പുഴ**
**ഡയറക്ടർ**